## കേരള ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടറുടെ (A & T) നടപടിക്രമങ്ങൾ

വിഷയം : ആ.വ.ഡ – ശ്രീമതി. പ്രഭാദേവി. വി. ജി (JPHN Gr. I, PHC, കരൂർ, കോട്ടയം) യുടെ JPHN Gr. II, JPHN Gr. I സീനിയോറിറ്റി പട്ടികകളിലെ നിലവിലുള്ള സ്ഥാനം റദ്ദ് ചെയ്തും റാങ്ക് പുനഃക്രമീകരിച്ചും കൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ് - സംബന്ധിച്ച്

സൂചന : 1. 24.07.2019 തീയതിയിലെ ശ്രീമതി. മായാദേവി. കെ. ആറിന്റെ അപേക്ഷയും, 22.07.2019 തീയതിയിലെ ശ്രീമതി. ഷിബിജോണിന്റെ അപേക്ഷയും.

2. 10.08.2009 ലെ ഉത്തരവ് നമ്പർ FW(Spl.Cell)No.61647/07/DHS

3. 06.12.2018 ലെ ഉത്തരവ് നമ്പർ ഇ.എസ് 5-32284/17/DHS

4. ബഹു. കേരള ഹൈക്കോടതിയുടെ ഒ.പി(കെ.എ.റ്റി) നം. 74/2017, ഒ.പി(കെ.എ.റ്റി) 211/07 കേസിന്മേൽ 11.10.2017 ലെ വിധിന്യായം

5. ബഹു. കെ. എ. റ്റി (ഒ.എ) നം. 1070/2014 നമ്പർ കേസിന്മേൽ 11/12/2017 ലെ വിധിന്യായം.

6. 01.08.2019 ൽ നടത്തിയ ഹിയറിംഗിന്റെ മിനിട്സ്

### ഉത്തരവ് നം. ഇ.എസ് 5/6058/19/ആ.വ.ഡ/തീയതി : 04/09/2019

മേൽ സൂചന 1 പ്രകാരം പത്തനതിട്ട ജില്ലയിലെ കോയിപ്രം പി. എച്ച്. സിയിലെ JPHN Gr. I, ശ്രീമതി. മായാദേവി. കെ. ആറും കോട്ടയം ജില്ലയിലെ പുതുപ്പള്ളി പി. എച്ച്. സിയിലെ JPHN Gr. I ശ്രീമതി. ഷിബി ജോണും നൽകിയ അപേക്ഷയിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യം കോട്ടയം ജില്ലയിൽ കാരൂർ പി. എച്ച്. സിയിൽ JPHN Gr. I ആയി ജോലി ചെയ്തുവരുന്ന ശ്രീമതി. പ്രഭാദേവി. വി. ജിക്ക് JPHN Gr. II & Gr. I സീനിയോറിറ്റി പട്ടികകളിലെ റാങ്ക് പുനഃക്രമീകരിച്ചതുപോലെ ടിയാളുകളുടെ റാങ്ക് പ്രസ്തുത സീനിയോറിറ്റി പട്ടികകളിൽ പുനഃക്രമീകരിക്കണമെന്നതിന്റെ വെളിച്ചത്തിൽ ശ്രീമതി. പ്രഭാദേവി. വി. ജി യുടെ സീനിയോറിറ്റി പട്ടികകളിലെ സ്ഥാനം പുനഃക്രമീകരിച്ചത് സംബന്ധിച്ച് പുനഃപരിശോധിക്കുകയുണ്ടായി. തുടർന്ന് ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ ( എ & റ്റി) ടിയാളെ 01.08.2019 നേരിട്ടുകേൾക്കുകയും ടിയാളുടെ സേവനപുസ്തകവും അനുബന്ധരേഖകളും വിശദമായി പരിശോധിച്ചതിൽ സൂചന 2, 3 പ്രകാരമുള്ള സീനിയോറിറ്റി പട്ടികകളിൽ ടിയാൾക്ക് സ്ഥാനം പുനഃക്രമീകരിച്ച് നൽകിയതിൽ പിഴവ് സംഭവിച്ചെന്ന് ബോധ്യപ്പെട്ടു.

മേൽ സൂചന 4 ഉം 5 ഉം പ്രകാരമുള്ള നിലവിലെ ചട്ടം അനുസരിച്ച് ടിയാൾക്ക് JPHN Gr. I പ്രമോഷൻ ലഭിക്കേണ്ടിയിരുന്ന 01.06.2000 ന് മുമ്പേ 22.02.2000 ൽ അന്തർജില്ലാ സ്ഥലംമാറ്റം നേടിയതിനാൽ ടിയാൾക്ക്, സൂചന 2 പ്രകാരമുള്ള JPHN Gr. II സീനിയോറിറ്റി പട്ടികയിൽ പുനഃക്രമീകരിച്ച് നൽകിയ റാങ്ക് നമ്പർ 287(A) ഉം ഇതിനാനുപാതികമായി സൂചന 3 പ്രകാരമുള്ള JPHN Gr. I സീനിയോറിറ്റി പട്ടികയിലെ റാങ്ക് നമ്പർ 209 സ്ഥാനവും റദ്ദ് ചെയ്യുകയും പ്രസ്തുത JPHN Gr. II സീനിയോറിറ്റി പട്ടികയിൽ റാങ്ക് നമ്പർ 1606 ഉം JPHN Gr. I സീനിയോറിറ്റി പട്ടികയിൽ 1378(A) സ്ഥാനവും നൽകി ഇതിനാൽ ഉത്തരവാകുന്നു. വിശദമായ പട്ടിക ചുവടെ ചേർക്കുന്നു.

| Name | Pen. No. | Date of Birth | Qualification | Date of Seniority assigned | PSC Advice Date & Order | Date & order of promotion | Existing rank no. in seniority list of JPHN | | New rank no. in seniority list of JPHN | | Remarks |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | Gr. II | Gr. I | Gr. II | Gr. I | |
| Prabha devi. V. G | 270142 | 01.04.1965 | SSLC ANM | 22.08.2007 | MR3-2890/85/KPSC/MLP, Dt: 23.02.1995 | FWA6-7773/12/DHS, Dt: 01.01.2013 | 287(A) | 209 | 1606 | 1378(A) | |

ഒപ്പ്/-
ഡോ. സെമീറ. എ
ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ(A & T)

സ്വീകർത്താവ്

1) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
(ആരോഗ്യ വകുപ്പ് വെബ് സൈറ്റ്മുഖേന)

പകർപ്പ്

1. ശ്രീമതി. പ്രഭാദേവി. വി. ജി
ജെ. പി. എച്ച്. എൻ. ഗ്രേഡ് – 1, പി. എച്ച്. സി കരൂർ, കോട്ടയം
(ഉചിതമാർഗ്ഗേന)
2. FWA സെക്ഷൻ
3. ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്